പുതിയ റോഡുകൾ

*൪൯൯. (൧൦൧) ശ്രീ. ആർ. അച്ചുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പി. ഡബ്ലിയു. വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കൊട്ടാരക്കര താലൂക്കിൽ പുതുതായി നായാട്ടുകാർ വെട്ടിയുണ്ടാക്കി ഗവൺമെണ്ട് ഏറ്റെടുത്തു നന്നാക്കുന്നതിനു് അപേക്ഷിച്ചു റോഡുകൾ ഏതെല്ലാം;

(ബി) അവയിൽ എത്ര എണ്ണം ഗവൺമെണ്ട് ഏറ്റെടുത്തു നന്നാക്കി; അവ ഏതെല്ലാം?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ൧. ഐവർകാല—പുത്തൂർ റോഡ്.

൨. കുന്നിക്കോട്—പട്ടാഴി റോഡ്.

൩. എഴുകോൺ—നെടുവങ്കാവു റോഡ്

൪. കൊട്ടാരക്കര റെസ്റ്റ ഹൌസിന്റെ തെക്കുഭാഗത്തുനിന്നു തുടങ്ങി എം. സി. റോഡിൽ ചേരുന്ന റോഡ്.

൫. എം. സി. റോഡിൽ ൪ വു-ാം മൈലിൽനിന്നു തുടങ്ങി എഴുകുടിപ്പെട്ടാഴി റോഡിൽ ചേരുന്ന റോഡ്.

൬. അയിരൂർ—ഇത്തിക്കര റോഡ് ൧ ൨-ാം മൈലിൽ തുടങ്ങി ഇരവിപുരം അയിരൂർ റോഡ് ൧ ൦-ാം മൈലിൽ ചേരുന്ന റോഡ്.

൭. ചീരങ്കാവു—പുത്തൂർ റോഡ്.

൮. തുവണിശ്വരം—പത്തനാപുരം റോഡിൽനിന്നു തുടങ്ങുന്നു റോഡ്.

൯. കോലത്തുരിൽനിന്നു എരമ്പനങ്ങാട് സ്കൂളിലേക്കുള്ള റോഡ്.

൧൦. കൊട്ടാരക്കര വെളിനല്ലൂർ റോഡു ൪-ാം മൈലിൽനിന്നു വാളകത്തേക്കുള്ള റോഡ്.

(ബി) ൪ എണ്ണം.

൧. ഐവർകാല—പുത്തൂർ റോഡ്.

൨. കുന്നിക്കോട്—പട്ടാഴി റോഡ്.

൩. എഴുകോൺ—നെടുവൻകാവു റോഡ്.

൪. കൊട്ടാരക്കര റെസ്റ്റ ഹൌസിന്റെ തെക്കു ഭാഗത്തുനിന്നും എം. സി. റോഡിൽ ചേരുന്ന റോഡ്.

ഈ നാലു റോഡുകളുടേയും ജോലികൾ പൂർത്തിയായിട്ടില്ല. വേലകൾ ചെയ്തുകൊണ്ടിരിക്കയാണു്.

നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസം

*൫൨൦. (൧൦൫) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെണ്ടിൽനിന്നും വ്യതിചലിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കുന്നത്തുനാടു താലൂക്കിൽ പിച്ചാനിക്കാടു എന്ന സ്ഥലത്തു മറ്റൊന്നു പള്ളിക്കൂടം പോലും ഇല്ലാതാക്കുവാൻ കാരണമെന്തു?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) പീച്ചാനിക്കാട്ട എന്ന സ്ഥലത്തു ഫൻ ൭൦—൭ ഫ സ്കൂൾ വർഷാരംഭം മുതൽ ഒരു സക്കാർ പ്രൈമറി സ്കൂൾ നടത്തുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടു്. (Vide G. O. Ed 3. 6995/50, dated 7th June 1950).

വളം ഡിപ്പോ സ്ഥാപനം

*൪൨. ഫ. (ഫ൦൩) ശ്രീ. എ. വി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കൃഷിവികസന പദ്ധതിയിൽ ഓരോ പക്ഷിയിലും വളം ഡിപ്പോകൾ സ്ഥാപിക്കുന്ന സംഗതിക്കുടി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) നെൽകൃഷിക്കു വളരെ പ്രാധാന്യമർഹിക്കുന്ന കുന്നത്തുനാടു താലൂക്കു തുക്കാക്കര പക്ഷിയിൽ ഒരു വളം ഡിപ്പോ സ്ഥാപിക്കുവാൻ വല്ല അപേക്ഷകളും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുനടപടി നടത്തി?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ഉണ്ടു്.

(ബി) തുക്കാക്കര പക്ഷി നിവാസികളായ കർഷകരുടെ വകയായി ഒരു ഹർജി ശ്രീ. എ. വി. ജോസഫ് എം. എൽ. എ. മുഖാന്തിരം ലഭിച്ചിട്ടുണ്ടു്.

(സി) തുക്കാക്കര പക്ഷിയിൽ ഒരു വളം ഡിപ്പോ ആവശ്യമെന്നു കാണുകയാൽ ആ പക്ഷിയിലുള്ള ഏതെങ്കിലും സഹകരണസംഘം വകയായി ഒരു ഏജൻസി ഡിപ്പോ സ്ഥാപിക്കുവാൻ ഉള്ള അപേക്ഷ സഹകരണസംഘം രജിസ്ട്രാർ മുഖാന്തിരം അയപ്പിക്കണമെന്നു് ശ്രീ. എ. വി. ജോസഫ് അവർകളെ അറിയിച്ചിട്ടുണ്ടു്.

വിദ്യുച്ഛക്തി വിതരണം

*൪൨൨. (ഫ ൦൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി സദയം പറുപടി പറയുമോ.—

(എ) സംസ്ഥാനങ്ങളിലെ എല്ലാ ഗ്രാമങ്ങളിലേക്കും വിദ്യുച്ഛക്തി വ്യാപിപ്പിക്കാനുള്ള പദ്ധതി ഗവൺമെണ്ടു് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഒരു കച്ചവടകേന്ദ്രമായ അങ്കമാലിയിലേക്കു് വിദ്യുച്ഛക്തിയും ടെലഫോണും വേണമെന്നാവശ്യപ്പെട്ടുന്ന വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു് എന്തു നടപടി നടത്തി?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) കാരോ പദ്ധതികളിലായി സംസ്ഥാനത്തിന്റെ എല്ലാ പ്രദേശങ്ങളിലേക്കും വിദ്യുച്ഛക്തി വ്യാപിപ്പിക്കണമെന്നാണു് ഗവൺമെണ്ടിന്റെ ഉദ്ദേശം.

(ബി) ഉവ്വു്.

(സി) ഗവൺമെണ്ടിന്റെ ധനസ്ഥിതി അനുവദിക്കുകയും, ഇങ്ങനെയുള്ള പണികൾക്കു് ആവശ്യമായ സാധനസാമഗ്രികൾ ലഭിക്കുകയും ചെയ്യുന്നതനുസ

LIBRARY ARCHIVES Kerala Legislative Assembly